**ഭരണഭാഷ മാതൃഭാഷ**

ഇ.മെയിൽ: 'dmekerala@gmail.com
ഫാക്സ് : 0471-2443080

ഫോൺ: (ഓഫീസ് ) : 2528575
2444270
ഡയറക്ടർ :2444011

## കേരള സർക്കാർ
## മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം

മെഡിക്കൽ കോളേജ്. പി.ഒ,
തിരുവനന്തപുരം 695 011

നമ്പർ ഇ5/11234/2017/ഡി.എം.ഇ (2) തീയതി : 30.5.2017

# സർക്കുലർ

വിഷയം: മെ.വി.വ. - സാർജന്റ് തസ്തികയിലെ ഒഴിവ് നികത്തുന്നതിന് അപേക്ഷ ക്ഷണിക്കുന്നു.

സൂചന : 2.1.1982ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 4/82/ജി.എ.ഡി.

******

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിൽ തിരുവനന്തപുരം ഗവണ്മെന്റ് മെഡിക്കൽ കോളേജിൽ ഒഴിവുള്ള ഒരു സാർജന്റ് തസ്തികയിലേക്ക് തസ്തിക മാററം വഴി നിയമനം നടത്തുന്നതിലേയ്ക്കായി താഴെപ്പറയുന്ന യോഗ്യതയുള്ളവരും, പ്രൊബേഷൻ പൂർത്തീകരിച്ചവരും, താത്പര്യമുള്ളവരുമായ ജീവനക്കാരിൽ നിന്നും അപേക്ഷ ക്ഷണിച്ചുകൊള്ളുന്നു. അപേക്ഷയോടൊപ്പം ബയോഡേററ, യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കററുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ എന്നിവ അതാത് പ്രിൻസിപ്പാൾ മുമ്പാകെ 17.6.2017നു മുമ്പായി സമർപ്പിക്കേണ്ടതും പ്രിൻസിപ്പാൾമാർ അവ 24.6.2017നു മുമ്പായി ഈ ഓഫീസിൽ എത്തിക്കേണ്ടതുമാണ്. വൈകി ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

**യോഗ്യതകൾ** : 1) കരസേനയിൽ ജൂനിയർ കമ്മിഷൻഡ് ഓഫീസർ റാങ്കിൽ വിരമിച്ചവരോ അല്ലെങ്കിൽ തത്തുല്യ പദവിയിൽ നാവികസേനയിൽ നിന്നോ വ്യോമസേനയിൽ നിന്നോ വിരമിച്ചവരോ ആയിരിക്കണം

***അല്ലെങ്കിൽ***

2) മേൽപ്പറഞ്ഞ യോഗ്യതയുള്ളവരുടെ അഭാവത്തിൽ ഇംഗ്ലീഷ് സാക്ഷരനും കരസേന, നാവികസേന, വ്യോമസേന എന്നിവയിൽ ഏതെങ്കിലും ഒരു സേനയിൽ 10 വർഷത്തെ സൈനിക സേവനം

***അല്ലെങ്കിൽ***

3) മേൽപ്പറഞ്ഞ യോഗ്യതയുള്ളവരുടെ അഭാവത്തിൽ എസ്.എസ്.എൽ.സി.യും അല്ലെങ്കിൽ തത്തുല്യയോഗ്യതയും ആറുമാസത്തെ പോലീസ് അല്ലെങ്കിൽ മിലിട്ടറി ട്രെയിനിംഗ്

ഒപ്പ്
**മേരി മെലനി നെറ്റാർ**
**സീനിയർ അഡ്മിനിസ്ട്രേറ്റിവ് ഓഫീസർ**

പകർപ്പ്:

1. പ്രിൻസിപ്പാൾ, ഗവണ്മെന്റ് മെഡിക്കൽ/ദന്തൽ/ നഴ്സിംഗ് കോളേജ്, തിരുവനന്തപുരം/കൊല്ലം/കോന്നി/ആലപ്പുഴ/ കോട്ടയം/ഇടുക്കി/എറണാകുളം/തൃശൂർ/മഞ്ചേരി/കോഴിക്കോട്
2. സൂപ്രണ്ട്, ഗവണ്മെന്റ് മെഡിക്കൽ കോളേജ് ആശുപത്രി/ തിരുവനന്തപുരം/ആലപ്പുഴ/കോട്ടയം/തൃശൂർ/മഞ്ചേരി/ കോഴിക്കോട്
3. സൂപ്രണ്ട്, എസ്.എ.റ്റി ആശുപത്രി, തിരുവനന്തപുരം
4. ഡയറക്ടർ, ഗവണ്മെന്റ് കണ്ണാശുപത്രി, തിരുവനന്തപുരം
5. അഡ്മിനിസ്ട്രേറ്റീവ് മെഡിക്കൽ ഓഫീസർ,
ആർ.എച്ച്.സി.വക്കം, എം.സി.എച്ച്.യു, പാങ്ങപ്പാറ
ഗവണ്മെന്റ് നെഞ്ചുരോഗാശുപത്രി, തൃശൂർ/കോഴിക്കോട്
മാതൃ ശിശു സംരക്ഷണ കേന്ദ്രം, കോട്ടയം/കോഴിക്കോട്

(ബന്ധപ്പെട്ട സ്ഥാപന മേധാവികൾ ജീവനക്കാരുടെ അറിവിലേയ്ക്കായി പകർപ്പ് നൽകേണ്ടതാണ്.)

ഉത്തരവിൻ പ്രകാരം

ജൂനിയർ സൂപ്രണ്ട്